മോട്ടോർ വാഹന വകുപ്പിലെ ഭരണപരിഷ്ക്കാരങ്ങൾ

21 (*227) ശ്രീ. കെ. പി. എ. മജീദ് :

ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തൊക്കെ ഭരണ പരിഷ്ക്കാരങ്ങളാണ് മോട്ടോർ വാഹന വകുപ്പിൽ ഏർപ്പെടുത്തിയത് ;

(ബി) ഇതിൽ എന്തൊക്കെ പരിഷ്ക്കാരങ്ങൾ വേണ്ടെന്നു വച്ചു ; വിശദാംശം വെളിപ്പെടുത്തുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി ഡോ. എ. നീലലോഹിതദാസൻ നാടാർ :

(എ) 1. ഏജന്റുമാരേയും, മദ്ധ്യവർത്തികളെയും മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ നിന്നും പൂർണ്ണമായി ഒഴിവാക്കുന്നതിന് ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. മോട്ടോർ വാഹന വകുപ്പിൽ നൽകുന്ന എല്ലാ അപേക്ഷകൾക്കും രസീത് നൽകുവാൻ തീരുമാനിച്ചു . ഇതിന്റെ ഭാഗമായി കൗണ്ടർ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുവാൻ കഴിഞ്ഞു.

3. ഓഫീസിൽ നിന്നും ലഭ്യമാകേണ്ട വിവിധ തരം സേവനങ്ങൾക്ക് നൽകേണ്ട ഫീസിന്റെ വിവരങ്ങളും ടാക്സിന്റെ വിവരങ്ങളും പൊതുജനങ്ങൾക്ക് നടപ്പിലാക്കികൊടുക്കുന്നതിനായി പ്രസ്തുത വിവരങ്ങൾ അടങ്ങിയ നോട്ടീസ് ബോർഡുകൾ ആർ.ടി. ഓഫീസിലും മറ്റ് ആർ.ടി. ഓഫീസിലും സ്ഥാപിച്ചിട്ടുണ്ട്.

4. ഈ വകുപ്പിന്റെ വിവിധ ആവശ്യങ്ങൾക്കുള്ള ഫീസുകൾ കൗണ്ടറിൽ അടയ്ക്കുമ്പോൾ മറ്റൊരു സൂപ്പർവൈസറി ഓഫീസർ ഒപ്പിട്ട് നൽകണമെന്ന വ്യവസ്ഥ അവസാനിപ്പിച്ച് ഫീസ് എടുക്കുന്ന ഉദ്യോഗസ്ഥൻ തന്നെ ഒപ്പിച്ച് നൽകുവാൻ നിർദ്ദേശം നൽകി, ഇതുമൂലം കാലതാമസം ഒഴിവാക്കാൻ കഴിഞ്ഞു.

5. വാഹനങ്ങൾക്ക് സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ് എടുക്കുന്നതിനും പുതിയ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും മറ്റും വരുന്ന പൊതുജനങ്ങൾക്ക് പ്രസ്തുത ആവശ്യങ്ങൾക്കുള്ള ഫീസ് വാഹന പരിശോധന നടത്തുന്ന സ്ഥലത്തുകൂടി അടയ്ക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തി.

6. ഈ വകുപ്പിൽ പണം സംബന്ധമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ഉദ്യോഗസ്ഥർ അവരുടെ പക്കലുള്ള പണത്തിന്റെ വിവരം ജോലി ആരംഭിക്കുന്നതിന് മുൻപ് തൊട്ടടുത്ത ഉന്നത ഉദ്യോഗസ്ഥർ സൂക്ഷിച്ചിരിക്കുന്ന രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

7. വാഹന അപകടങ്ങൾ തടയുന്നതിനും കുറച്ചുകൊണ്ട് വരുന്നതിനുമായി അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ താമസംവിനാ നടപ്പിലാക്കുന്നതിന് ചീഫ് സെക്രട്ടറി ചെയർമാനായി ഒരു എംപ്വേർഡ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

8. വാഹനങ്ങളുടെ സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ കൂടുതൽ കർശനമാക്കിയിട്ടുണ്ട്. 20 വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങൾ ഒരു റീജിയണൽ ട്രാൻസ്ഫോർട്ട് ഓഫീസറും ഒരു ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറും ചേർന്ന് പരിശോധിക്കണമെന്നും 20 വർഷത്തിന് താഴെ പഴക്കമുള്ള വാഹനങ്ങൾ ഒരു മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറും ഒരു അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറും ചേർന്ന് പരിശോധിക്കണമെന്നും നിർദ്ദേശം നൽകി.

9. ബസ്സുകളുടെ മത്സര ഓട്ടം നിയന്ത്രിക്കുന്നതിലേയ്ക്കായി അവയുടെ റണ്ണിംഗ് സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

10. ലേണേഴ്സ് ടെസ്റ്റിലുള്ള ഓറൽ ടെസ്റ്റ് നിർത്തലാക്കി പകരം എഴുത്ത് പരീക്ഷ സമ്പ്രദായം കൊണ്ടു വന്നു.

11. ലേണേഴ്സ് ഡ്രൈവർ ടെസ്റ്റ്, 'ഡ്രൈവിംഗ് ലൈൻസ് ടെസ്റ്റ്' എന്നിവ ജില്ലാ ആസ്ഥാനങ്ങളിൽ മാത്രമായിരുന്നത് എല്ലാ സബ് ആർ.ടി. ഓഫീസിന് കീഴിലും കൂടി നടത്താൻ തീരുമാനിച്ചു.

12. ഡ്രൈവിംഗ് ടെസ്റ്റിനുള്ള തീയതി അപേക്ഷകനും നൽകുന്നതിലേയ്ക്കായി അപേക്ഷകൾ തപാലിൽ ബന്ധപ്പെട്ട ഓഫീസർക്ക് അയച്ചു കൊടുക്കണമെന്ന് നിഷ്ക്കർഷിച്ചു. ഡ്രൈവിംഗ് ടെസ്റ്റിന് വരുന്ന അപേക്ഷകരുടെ എണ്ണം നിയന്ത്രിക്കുന്നതിനും ടെസ്റ്റ് കാര്യക്ഷമമാക്കുന്നതിനുമാണിത്.

13. ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനുള്ള കാലതാമസവും അതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടും പരിഹരിക്കുന്നതിനായി 15-12-1999 മുതൽ ഡ്രൈവിംഗ് ലൈസൻസുകൾ ടെസ്റ്റ് നടത്തുന്ന സ്ഥലത്ത് വച്ചു തന്നെ നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തി.

14. ഡ്രൈവിംഗ് ലൈസൻസ് എറണാകുളത്തും, കോഴിക്കോടും ലാമിനേറ്റ് ചെയ്ത് നൽകാൻ നടപടിയെടുത്തു.

15. ഡ്രൈവിംഗ് ടെസ്റ്റിനുള്ള പ്രിലിമിനറി ടെസ്റ്റ് ആയ "എച്ച്" "എട്ട്" എന്നിവയ്ക്ക് മാർഗ്ഗരേഖ ഉണ്ടാക്കി.

LIBRARY ARCHIVES Kerala Legislative Assembly

16. എല്ലാ ആർ.ടി. ഓഫീസുകളും താമസംവിനാ കംപ്യൂട്ടർ വൽക്കരിക്കാനുള്ള ഒരു സമഗ്ര പദ്ധതി ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

17. സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയിലേയ്ക്കുള്ള അപേക്ഷകൾ തപാലിൽ അയയ്ക്കുന്നതിന് ഏർപ്പാടുണ്ടാക്കി.

18. ഈ വകുപ്പിന്റെ വിവിധ തരം ആവശ്യങ്ങൾക്ക് വേണ്ടി വരുന്ന നിയമങ്ങളും നടപടിക്രമങ്ങളും നടത്തുന്ന ലഘുരേഖകൾ അച്ചടിച്ച് സൗജന്യമായി പൊതുജനങ്ങൾക്ക് വിതരണം ചെയ്തു.

19. ഈ വകുപ്പിലെ ഉദ്യോഗസ്ഥൻമാരെ പരാമർശിക്കുന്ന പരാതികളിൽ അന്വേഷണം നടത്തുന്നതിലേയ്ക്കായി അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു വിജിലൻസ് സെൽ രൂപീകരിച്ചു. വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമതയും അഴിമതി രഹിതവുമാക്കാനാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

(ബി) ഏർപ്പെടുത്തിയ പരിഷ്ക്കാരങ്ങൾ ഒന്നും തന്നെ വേണമെന്ന് വച്ചിട്ടില്ല.

കാർഷിക വിളകളുടെ തറവില

22 (*228) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം കാർഷികവിളകളുടെ തറവിലയാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) റബ്ബറിന്റെ തറവില 50 രൂപയായി വർദ്ധിപ്പിക്കാൻ സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(സി) നാളികേരം, കുരുമുളക്, കൊക്കോ, ജാതി, ഇഞ്ചി, തുടങ്ങിയ കാർഷികവിളകൾക്ക് ആദായകരമായ തറവില നിശ്ചയിക്കാൻ കേന്ദ്ര ഗവൺമെന്റിൽ ആവശ്യമായ സമ്മർദ്ദം ചെലുത്താൻ സർക്കാർ തയ്യാറാകുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) കൊപ്ര, നെല്ല് എന്നീ വിളകളുടെ താങ്ങുവിലയാണ് കേന്ദ്ര സർക്കാർ ഇപ്പോൾ പ്രഖ്യാപിച്ചു വരുന്നുത്.

(ബി) റബ്ബറിന്റെ ഉല്പാദന ചെലവുമായി ബന്ധപ്പെടുത്തി താങ്ങുവില നിശ്ചയിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കൊപ്ര ക്വിന്റലിന് 4100 രൂപ തറവില നിശ്ചയിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കുരുമുളക്, കൊക്കോ, ജാതി, ഇഞ്ചി തുടങ്ങിയ വിളകൾക്കും ആദായകരമായ തറവില നിശ്ചയിക്കാൻ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly